## 16

# ദൈവവിളിയുടെ അടിസ്ഥാനം

ഫാ. ബെന്നി ബെനഡിക്ട് സി.എം.ഐ

ഒന്നാം വർഷ നവസന്യാസ കാലഘട്ടം അവസാനിച്ചു. സ്വന്തം ബാച്ചിലുള്ള ചിലരൊക്കെ സന്യാസം ഉപേക്ഷിച്ചു പോയി. വേറെ ചിലർ തീരുമാനങ്ങളെടുക്കുവാൻ ഒരുങ്ങിയിരിക്കുന്നു. ഞാനാകട്ടെ ഇതെല്ലാം കണ്ട് സന്യാസത്തെ കുറിച്ച് ചില വേറിട്ട ചിന്തകൾ മനസ്സിൽ കയറി വരുന്നതിനാൽ ആത്മീയ ഗുരുവായ ഡൺസ്റ്റനച്ചനെ ഒന്ന് ചെന്ന് കാണാമെന്ന് തീരുമാനമെടുത്തു. എന്നെക്കാളും, ഭക്തി തീക്ഷണതയുള്ളവരും, കഴിവുള്ളവരും ഇതിനകം സ്ഥലം വിട്ടു. പിന്നെ ഞാനെന്തിന് ഈ സന്യാസ സമൂഹത്തിൽ നിലകൊള്ളണമെന്ന് ചിന്തിച്ചുകൊണ്ടിരുന്നു. എന്റെ മനസ്സ് ഡൺസ്റ്റനച്ചന്റെ മുമ്പിൽ ഒന്ന് തുറക്കണം.

അടുത്ത ഒരു ദിവസം ഡൺസ്റ്റനച്ചനെ കാണുവാൻ ചെന്നു. അദ്ദേഹം എന്നോട് വിശേഷങ്ങൾ ചോദിച്ചറിഞ്ഞു. അതിനു ശേഷം ഒരു കടലാസും പെൻസിലും കൊണ്ടു വരുവാൻ ആവശ്യപ്പെട്ടു. ഞാൻ അതു കൊണ്ടു വന്നു. എന്നിട്ട് ഒറ്റ കാര്യം മാത്രം പറഞ്ഞു: ആ കടലാസിൽ സന്യാസം വേണ്ടെന്നു വയ്ക്കുവാനുള്ള കാര്യങ്ങൾ ഒരു വശത്തും, മറ്റേ വശത്ത് സന്യാസത്തിന്റെ ഗുണങ്ങളുമെഴുതുവാൻ പറഞ്ഞു. സമയമെടുത്ത് അപ്രകാരം ചെയ്തു. ഇത് എഴുതി കഴിഞ്ഞപ്പോൾ തന്നെ ഞാൻ സന്യാസത്തിൽ ഉറച്ചു നിൽക്കാൻ തീരുമാനിച്ചു. ഓരോ പ്രാവശ്യവും വരുമ്പോൾ, എന്തു മാത്രം ഈ ജീവിതത്തിൽ പുരോഗതി പ്രാപിച്ചിട്ടുണ്ടെന്ന് ചോദിക്കുകയും, വേണ്ടതായ സഹായ സഹകരണങ്ങൾ ചെയ്യുകയും ചെയ്തുകൊണ്ടിരുന്നു. എന്റെ സന്യാസ ജീവിതത്തിന്റെ അടിത്തറ പാകിത്തന്ന, ഉറച്ച തീരുമാനങ്ങളെടുക്കുവാൻ പഠിപ്പിച്ചു തന്ന, ഒരു ഗുരുഭൂതനാണദ്ദേഹം. ഏകദേശം നാൽപ്പതു വർഷങ്ങൾക്കു മുമ്പ് അദ്ദേഹത്തിന്റെ സ്വതസിദ്ധമായ കൗൺസിലിങ്ങ് ഇന്നത്തെ ആധുനിക കൗൺസിലിങ്ങിൽ ഉന്നത ബിരുദം നേടിയവർക്കു പോലും സാധിക്കുമോയെന്ന് സംശയമാണ്.



Benedict, Benny. "Daivaviliyude Adisthanam" in Dheerghadarshi: Dunstonachan by W. J. Tharayil, pages 69-70, Coimbatore: Preshitha Communications, 2020.

ഇന്ന് ഇത്തരം ഒരു കൗൺസിലിങ്ങിന്, ഏകദേശം ആയിരത്തിലേറെ രൂപ പലരും ചോദിച്ചു വാങ്ങിത്തുടങ്ങി. വർഷങ്ങൾക്കു മുമ്പ് കൗൺസിലിങ്ങിന്റെ വലിയ ഡിഗ്രികളൊന്നും എടുക്കാത്ത ഡൺസ്റ്റനച്ചൻ എന്റെ ജീവിതത്തിന് ചെയ്തു തന്ന വലിയ ഉപകാരത്തിനു മുമ്പിൽ ഞാൻ ശിരസ്സു നമിക്കുകയാണ്, അഭിമാനിക്കുകയാണ്. ദൈവവിളിയുടെ ആരംഭകാല പരിശീലനം എന്നും ഡൺസ്റ്റനച്ചന്റെ കൈകളിലാണ് വളരെക്കാലം സഭ നൽകിയിരുന്നിരുന്നത്.

ഈ മേൽപ്പറഞ്ഞ വൈദികൻ എന്നും മനസ്സിൽ ഓർത്തിരിക്കുന്ന ഒരു കാര്യമാണ് 'അട്ടപ്പാടി ആദിവാസി ക്യാമ്പ്.' ഒശത്തിയൂരാണ് അന്ന് സേവനത്തിനായി ലഭിച്ചത്. അതിനു ശേഷം പട്ടമേറ്റിട്ട് വിവിധ തലങ്ങളിൽ സേവനം ചെയ്തപ്പോൾ അവിടങ്ങളിലൊക്കെ ഈ അട്ടപ്പാടിയിലെ ആദിവാസികളുമായുള്ള സഹവാസം ഉണർവേകിയിരുന്നു. എവിടെക്കിടന്നുറങ്ങുവാനും, എല്ലാവരുമായി സമ്പർക്കത്തിലേർപ്പെടുവാനും, പാവങ്ങളുടെ പക്ഷം ചേരുവാനും എന്നും പരിശ്രമിച്ചിരുന്നതിന്റെ പുറകിൽ ഡൺസ്റ്റനച്ചന്റെ ആഗ്രഹം ഇന്നും നിലക്കൊള്ളുന്നുണ്ട്. ജീവിതത്തിൽ ചില ധീരമായ തീരുമാനങ്ങളെടുത്തത് ഇത്തരം പരിശീലനങ്ങൾ ലഭിച്ചതുകൊണ്ടു മാത്രമാണ്. യേശുവിന്റെ ജീവിതവുമായി ഇത് താരതമ്യം ചെയ്ത് ഓരോ പ്രവൃത്തികളും ചെയ്യുവാൻ ഉത്തേജനമായി നിലക്കൊള്ളുന്നതും ഡൺസ്റ്റനച്ചൻ തന്നെയാണ്. ജീവിതത്തിന്റെ ചില വഴിത്തിരിവുകളിൽ അദൃശ്യനായി നിന്നു കൊണ്ട് ശരിയായ ദിശയിലേയ്ക്ക് ഇന്നും ഡൺസ്റ്റനച്ചന്റെ മാതൃകയും, വചനങ്ങളും നയിച്ചുകൊണ്ടിരിക്കുന്നുണ്ടെന്ന്, വർഷങ്ങൾ പലതു കഴിഞ്ഞിട്ടും ഈ വൈദികൻ വിശ്വസിക്കുന്നു. യേശുവിന്റെ ജീവിതം വ്യക്തതയോടു കൂടി ജീവിച്ചു കാണിച്ചു തന്ന ആ പിതാമഹന്റെ മുമ്പിൽ എന്നും ഒരു കൈത്തിരിയായി കത്തിയെരിയുവാൻ കഴിയട്ടേയെന്ന് ഈ ഊർജ്ജസ്വലനായ വൈദികൻ ആഗ്രഹിക്കുന്നു.